"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

പൊതു വിദ്യാഭ്യാസം - കുറ്റിക്കാട് സി.പി.ഹയർ സെക്കണ്ടറി സ്കൂളിലെ എച്ച്.എസ്.ടി(എൻ.എസ്) ശ്രീ.ഷിബു ആർ ബഹു.കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C)No.17880/2021 ലെ 03.09.2021 ലെ വിധിന്യായത്തിലെ നിർദേശം നടപ്പിൽ വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പൊതു വിദ്യാഭ്യാസ (ബി) വകുപ്പ്

സ.ഉ.(സാധാ) നം.221/2022/പൊ.വി.വ തീയതി,തിരുവനന്തപുരം, 11/01/2022

പരാമർശം:-

1. ശ്രീ.ഷിബു ആർ -ന്റെ 31.07.2021 ലെ നിവേദനം(എക്സിബിറ്റ് പി7)
2. ശ്രീ.ഷിബു ആർ ബഹു.കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C)No.17880/2021 ലെ 03.09.2021 ലെ വിധിന്യായം
3. പുനലൂർ ജില്ലാ വിദ്യാഭ്യാസ ആഫീസറുടെ 23.11.2021 ലെ ബി6/3073/21 നമ്പർ കത്ത്
4. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 18.12.2021 ലെ ഇ.റ്റി(5)/13039/2021/ഡിജിഇ നമ്പർ കത്ത്
5. കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടറുടെ 20.12.2021 ലെ ഡി.ഡി.ഇ.കെ.എൽ.എം/13140/2021-ബി6 നമ്പർ കത്ത്

ഉത്തരവ്

കുറ്റിക്കാട് സി.പി.ഹയർ സെക്കണ്ടറി സ്കൂളിലെ എച്ച്.എസ്.ടി(എൻ.എസ്) ശ്രീ.ഷിബു ആർ ബഹു.കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C)No.17880/2021 ലെ 03.09.2021 ലെ വിധിന്യായത്തിൽ ഹർജിക്കാരൻ ഫയൽ ചെയ്ത എക്സിബിറ്റ് പി7 നിവേദനം ഹർജിക്കാരനെയും അഞ്ചാം എതിർ കക്ഷിയെയും ഉചിത മാർഗേണ കേട്ട് തീർപ്പാക്കുന്നതിന് ഒന്നാം എതിർ കക്ഷിയായ പൊതു വിദ്യാഭ്യാസ സെക്രട്ടറിക്ക് നിർദേശം നല്കിയിരുന്നു. ആയതിൻ പ്രകാരം ഈ കേസുമായി ബന്ധപ്പെട്ടവരുടെ വാദം ഗ്രൂഗിൾ മീറ്റ് വഴി 22.12.2021-ന് കേട്ടു. ജില്ലാ വിദ്യാഭ്യാസ ഓഫീസർ, വിദ്യാഭ്യാസ ഉപഡയറക്ടർ, പൊതു വിദ്യാഭ്യാസ ഡയറക്ടർ എന്നിവരുടെ റിപ്പോർട്ടുകളിൽ നിന്നും വ്യക്തമാകുന്ന സാഹചര്യം ചുവടെ ചേർക്കുന്നു.

" എ) കുറ്റിക്കാട് സിപിഎച്ച്എസ് ലെ 2009-10 വർഷത്തെ തസ്തിക നിർണ്ണയ പ്രകാരം ലഭിച്ചേക്കാവുന്ന എച്ച്.എസ്.ടി (എൻ.എസ്) ന്റെ ഒഴിവിലാണ് മാനേജർ 01/06/2009 മുതൽ ഹർജിക്കാരനായ ശ്രീ. ഷിബു.ആർ-നെ എച്ച്.എസ്.ടി (എൻ.എസ്) അദ്ധ്യാപകനായി ആയി നിയമിച്ചിരുന്നത്. ഈ നിയമനം 26/06/2010 ലെ ബി6/2629/10/കെ.ഡിസ് നം. ഉത്തരവ് പ്രകാരം ജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിച്ച് നൽകിയിരുന്നു. 17/08/2005 ലെ സർക്കാർ ഉത്തരവ്(പി)നം.317/2005/പൊ.വി.വ പ്രകാരം നിയമന നിരോധനം നിലനിന്നിരുന്നതിനാലും പിന്നീട് സ.ഉ(പി)നം.10/10/പൊ.വി.വ ഉത്തരവ് പ്രകാരം ടി സ്കൂളിലെ മാനേജർ സത്യപ്രസ്താവന സമർപ്പിച്ചിരുന്നില്ല എന്നീ കാരണത്താലാണ് 01/06/2009 മുതലുള്ള നിയമനം നിരസിച്ചത്.

ബി) തുടർന്ന് മാനേജർ നിയമനാംഗീകാരം ലഭിക്കുന്നതിനായി കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടർക്ക് അപ്പീൽ സമർപ്പിച്ചിരുന്നു. എങ്കിലും മുകളിൽ സൂചിപ്പിച്ചിരിക്കുന്ന അതേ കാരണത്താൽ കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടറുടെ 03/11/2010 ലെ ബി6/13997/10/കെ.ഡിസ് നം. ഉത്തരവ് പ്രകാരം അപ്പീലും നിരസിച്ച് നൽകിയിരുന്നു. പിന്നീട് ഉണ്ടായ സർക്കാർ ഉത്തരവ് (പി) നം.199/11/പൊ.വി.വ തീയതി 01/10/2011 പ്രകാരം അധിക തസ്തികയിലെ നിയമനങ്ങൾക്ക് 01/06/2011 മുതൽ അംഗീകാരം നൽകുന്നതിന് അനുമതി ലഭിക്കുകയുണ്ടായി. അതിൻ പ്രകാരം ശ്രീ.ആർ.ഷിബുവിന്റെ 2009-10 വർഷത്തെ അധിക തസ്തികയിലെ നിയമനം 01/06/2011 മുതൽ മാത്രം ജില്ലാ വിദ്യാഭ്യാസ ഓഫീസർ 22/11/2011 ലെ ബി6/9566/2011/കെ.ഡിസ് നം. ഉത്തരവ് പ്രകാരം അംഗീകരിച്ച് നൽകുകയുണ്ടായി.

സി) ടിയാൻ തന്റെ 01/06/2009 മുതൽ 31/05/2011 വരെയുള്ള നിയമനാംഗീകാരവും ശമ്പളവും

അനുവദിച്ച് തരണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടർക്ക് അപേക്ഷ സമർ പ്പിച്ചിരുന്നുവെങ്കിലും 01/06/2011 ന് മുൻപുള്ള നിയമനമായതിനാൽ നിയമനാംഗീകാരത്തിന് ഗവ.ഉത്തരവ് ആവശ്യമായതിനാൽ കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടറുടെ 05/10/2016 ലെ എൻഡിസ് ബി6/17918/16 നം. കത്ത് പ്രകാരം മടക്കി നൽകിയിരുന്നു. ടി മാനേജർ സ.ഉ (പി) നം.10/10 സത്യപ്രസ്താവന സമർപ്പിട്ടില്ലാത്തതിനാലും ഹർജിക്കാരനായ ശ്രീ. ഷിബു.ആർ-ന്റെ 01/06/2009 മുതൽ 31/05/2011 വരെയുള്ള കാലയളവിലെ നിയമനാഗീകാരം നൽകാൻ പൊതുവായ സർക്കാർ ഉത്തരവുകൾ നിലവിലില്ലാത്തതിനാലുമാണ് ടിയാന് നിയമനം അംഗീകരിച്ച് നൽകാത്തത്.''

2) മേൽ വിവരിച്ച വസ്തുതകൾ ഹിയറിങ്ങ് സമയത്തെ വാദം, ഹാജരാക്കപ്പെട്ട രേഖകൾ, ബന്ധപ്പെട്ട ചട്ടങ്ങൾ/ ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ സർക്കാർ പരിശോധിച്ചു. മാനേജർ സ.ഉ (പി) നം.10/10 സത്യപ്രസ്താവന സമർപ്പിട്ടില്ലാത്തതിനാലും ഹർജിക്കാരനായ ശ്രീ.ഷിബു.ആർ-ന്റെ 01/06/2009 മുതൽ 31/05/2011 വരെയുള്ള കാലയളവിലെ നിയമനാംഗീകാരം നൽകാൻ പൊതുവായ സർക്കാർ ഉത്തരവുകൾ നിലവിലില്ലാത്തതിനാലുമാണ് ടിയാന് നിയമനം അംഗീകരിച്ച് നൽകാത്തത്. മാനേജർ ബോണ്ട് വച്ചിട്ടില്ലാത്ത സാഹചര്യങ്ങളിൽ മാനേജർ അപ്രകാരം ചെയ്തതായി കണക്കിലെടുക്കാവുന്നതാണെന്ന വസ്തുത മനസ്സിൽ വച്ചുവേണം ഹർജിക്കാരന്റെ എക്സിബിറ്റ്.പി. 7 റിവിഷൻ സർക്കാർ പരിഗണിക്കേണ്ടതെന്ന് ബഹു: കോടതി വിധിന്യായത്തിൽ നിർദ്ദേശിച്ചിട്ടുണ്ട്. മാത്രമല്ല, ഇതേ മാനേജർ ബോണ്ട് വച്ചതായി കണക്കിലെടുത്ത് ശ്രീമതി സിന്ധു എന്ന അനദ്ധ്യാപികയുടെ നിയമനത്തിന് അംഗീകാരം നല്കാൻ WP(C) 18327/2021 എന്ന കേസിൽ 08.09.2021-ലെ വിധിന്യായത്തിൽ ബഹു: ഹൈക്കോടതി ഉത്തരവിട്ടിട്ടുണ്ടെന്നും ഹിയറിങ്ങ് വേളയിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. പ്രസ്തുത വിധിന്യായത്തിന്റെ പകർപ്പ് ലഭ്യമായത് പരിശോധിക്കുമ്പോൾ ഇക്കാര്യം ശരിയാണെന്നു ബോദ്ധ്യപ്പെടുന്നു. ഈ സാഹചര്യങ്ങളിൽ പ്രസ്തുത സ്കൂളിന്റെ മാനേജർ ബോണ്ട് വച്ചതായി കണക്കിലെടുത്തുകൊണ്ട് ഹർജിക്കാരനായ ശ്രീ.ഷിബു.ആർ-ന്റെ 01/06/2009 മുതൽ 31/05/2011 വരെയുള്ള കാലയളവിലെ നിയമനം അംഗീകരിക്കാനുള്ള നിർദ്ദേശം ബന്ധപ്പെട്ട പുനലൂർ ജില്ലാ വിദ്യാഭ്യാസ ഓഫീസർക്കു നല്കി, ഹർജിക്കാരന്റെ എക്സിബിറ്റ്.പി.7 റിവിഷൻ തീർപ്പാക്കി അപ്രകാരം കുറ്റിക്കാട് സി.പി.ഹയർ സെക്കണ്ടറി സ്കൂളിലെ എച്ച്.എസ്.ടി(എൻ.എസ്) ശ്രീ.ഷിബു ആർ ബഹു.കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C) No.17880/2021 ലെ 03.09.2021 ലെ വിധിന്യായത്തിലെ നിർദേശം നടപ്പിൽ വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ എസ്.വി
ജോയിന്റ് സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം(ആമുഖ കത്ത് സഹിതം)
പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
വിദ്യാഭ്യാസ ഉപഡയറക്ടർ, കൊല്ലം
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, പുനലൂർ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ(എ&ഇ), കേരള, തിരുവനന്തപുരം
മാനേജർ, സി.പി.ഹയർ സെക്കണ്ടറി സ്കൂൾ, കുറ്റിക്കാട്, ചടയമംഗലം, കൊല്ലം
ശ്രീ.ഷിബു ആർ, എച്ച്.എസ്.ടി(എൻ.എസ്), സി.പി.ഹയർ സെക്കണ്ടറി സ്കൂൾ, കുറ്റിക്കാട്, ചടയമംഗലം, കൊല്ലം
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by Shahna Kumari S L
Date: 11-01-2022 13:51:26
Reason: Approved

സെക്ഷൻ ഓഫീസർ